പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1281 — 30.09.2011-ൽ മറുപടിയ്ക്ക്

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>,, എ.റ്റി. ജോർജ്<br>,, അൻവർ സാദത്ത്<br>,, വി.പി. സജീന്ദ്രൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ ഓരോ ജില്ലയിലും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; | എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ ഓരോ ജില്ലയിലും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |
| ബി. കേന്ദ്രം അനുവദിച്ച സംഖ്യയിൽ എത്ര ശതമാനം ചെലവഴിച്ചു ; | ബി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവശ്യാധിഷ്ഠിതമായതിനാൽ കേന്ദ്രം അനുവദിച്ച തുകയുടെ വിനിയോഗ ശതമാനം കണക്കാക്കുക പ്രായോഗികമല്ല. എങ്കിലും ലഭ്യമായ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1-ൽ ലഭ്യമാണ്. |
| സി. തൊഴിലുറപ്പ് പദ്ധതിയുമായി കൃഷിയേയും ക്ഷീരോത്പാദനത്തേയും ബന്ധപ്പെടുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുമോ ? | സി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ 8 ഇനം പ്രവൃത്തികളിൽ കൃഷിയുമായി ബന്ധപ്പെട്ട നടീൽ മുതൽ കൊയ്ത്തുവരെയുള്ള പ്രവൃത്തികളും ക്ഷീരോത്പാദനവുമായി ബന്ധപ്പെട്ട പ്രവൃത്തികളും ഉൾപ്പെടുന്നില്ല. പ്രസ്തുത മേഖലകളിലെ പ്രവൃത്തികൾ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.